പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2291 08.05.2017-ൽ മറുപടിക്ക്

## ആര്യൻതൊടിക പാലം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016 ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകിയ ഏറനാട് മണ്ഡലത്തിലെ ആര്യൻതൊടിക പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണ്; വിശദമാക്കുമോ; | (എ) 04.03.2016-ലെ ജി.ഒ.(ആർ.റ്റി) നം. 571/2016/പൊ.മ.വ. പ്രകാരം 17,42,89,321/- രൂപയുടെ ഭരണാനുമതി ലഭിച്ച ആര്യൻതൊടിക പാലം നിർമ്മാണ പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായി ലഭ്യമാക്കിയിരുന്ന പ്രൊപ്പോസൽ 2017-18 ധനകാര്യ വർഷത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക ഉറപ്പാക്കിയശേഷം സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകി മടക്കിയിട്ടുണ്ട്. പുതുക്കിയ നിരക്ക പ്രകാരമുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) മറ്റ് നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി, ആര്യൻതൊടിക പാലം നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013-ൽ ലഭ്യമായ ജനറൽ ഡിസൈൻ ആയതിനാൽ പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. |

S. Bindu
സെക്ഷൻ ഓഫീസർ